## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3590** | **10.04.2013 ൽ മറുപടിയ്ക്ക്**

### കൃഷി ഭവനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ പുതുതലമുറയ്ക്ക് ഹൈടെക് കൃഷിരീതികളും പരമ്പരാഗത കൃഷിരീതികളും മനസ്സിലാക്കി കൃഷിയിൽ ഏർപ്പെടുന്നതിനുതകും വിധം കൃഷിഭവനുകൾ വഴി കൃഷി വിജ്ഞാന ബോധവൽക്കരണം നടത്തുന്നതിന് നടപടി ഉണ്ടാകുമോ; | എ ഹൈടെക് കൃഷിരീതികൾ കർഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് താഴെ പറയുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് കൃഷിഭവനുകൾ വഴി നടപ്പാക്കിവരുന്നു .<br>1. കൃഷിഭവനുകൾ വഴി നടപ്പാക്കുന്ന വിജ്ഞാന വ്യാപന പരിപാടികൾ.<br>2. "ആത്മ" പദ്ധതികളിൽപ്പെടുത്തി നടത്തി വരുന്ന പരിശീലന പരിപാടികൾ<br>3. "ലീഡ്സ്" പദ്ധതികളിൽപ്പെടുത്തി കർഷകർക്ക് പരിശീലന പരിപാടികൾ.<br>4. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കേരള കർഷകൻ, ഹരിതദളം ലഘുലേഖകൾ, ബുക്കുകൾ എന്നീ പ്രസിദ്ധീകരണങ്ങളിൽ കൂടി കർഷകരെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നു.<br>5. കിസാൻ കൃഷിദീപം, നൂറുമേനി എന്നീ ദൃശ്യമാധ്യമ പരിപാടികളിൽ കൂടി നൂതന കൃഷി രീതികളും അനുഭവ കഥകളും കർഷകർക്ക് എത്തിക്കുന്നു.<br>6. കൃഷിവകുപ്പ് മുഖേന നടത്തി വരുന്ന ശിൽപശാലകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, കർഷകസംഗമങ്ങൾ, എന്നിവയിലൂടെയും വിജ്ഞാന ബോധവൽക്കരണം നടത്തി വരുന്നു. |
| ബി കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുമോ; വിശദമാക്കുമോ ? | ബി കർഷകസംഗമങ്ങൾ, അദാലത്തുകൾ, പുന:സംഘടിപ്പിച്ച കാർഷിക ഉപദേശക സമിതികൾ എന്നീ നടപടികൾ മുഖേന കൃഷിഭവനുകളുടെ പ്രവർത്തനം ശക്തിപ്പെട്ടിട്ടുണ്ട്.<br>ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ മുഴുവനും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് മുഖേന നൽകി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൃഷിക്കാരുടെ കൃഷിയിടങ്ങൾ കൂടുതൽ പ്രാവശ്യം സന്ദർശിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 550 കൃഷിഭവനുകൾക്ക് ഇരുചക്ര വാഹനം ലഭ്യമാക്കിയിട്ടുണ്ട്. കർഷക പങ്കാളിത്തത്തോടെയാണ് നാളിതുവരെ വകുപ്പിലെ പദ്ധതികളും കർഷക പരിശീലനങ്ങളും നടപ്പാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ